SATAMUKHARAMAYANAM THUNCHAT EZUTHACHAN

032:1K20:12 F4

032:1K20:12
F4

032:1K20:12 F4
THUNCHAT EZUTHACHAN
Satamukha Ramayanam
...ttu.

RATHNAM PRESS
BINDERS
BADRIAN STREET
MADRAS.

DOCTRINA·VIM·PROMOVET·INSITAM

**Madras University Library.**

Call Number 032:1K20:12 F4

Accession Number 44942

Available for loan from

This book should be returned on or before
the date last marked below.

O. 61

THE SRI MULAM MALAYALAM SERIES

No. II.

# SATAMUKHARÂMÂYANAM

KILIPPÂTTU.

EDITED

WITH AN INTRODUCTION

BY

S. PARAMESVARA AIYAR, M. A., B. L.,
[KAVITILAKA]

*Secretary to the Government of Travancore.*

PUBLISHED UNDER THE AUTHORITY OF THE GOVERNMENT OF TRAVANCORE.

TRIVANDRUM:
PRINTED BY THE SUPERINTENDENT, GOVERNMENT PRESS.
1924.

HH942
3229
032:1K2 9;1
F4

## അവതാരിക

പൂജ്യപാദനായ ഭാഷാകവിചക്രവത്തി തുഞ്ചത്ത് എഴുത്തച്ഛന്റെ കൃതിയായി 'ശതമുഖരാമായണംകിളിപ്പാട്ട്' എന്നൊരുഗ്രന്ഥമുണ്ടെന്നു ഗോവിന്ദപ്പിള്ള സർവാധികാര്യക്കാരവർകളുടെ ഭാഷാചരിത്രത്തിൽനിന്നും മററും ഭാഷാഭിമാനികൾ ഗ്രഹിച്ചിരിക്കുമല്ലോ. ഈ ഗ്രന്ഥം ഇതുവരെ അച്ചടിപ്പിച്ചിട്ടുള്ളതായി എനിക്കറിവില്ല. ഇതിന്റെ മൂന്നാംപാദത്തിൽനിന്ന് ഒരുഭാഗം ഉദ്ധരിച്ചു ഞാൻ പദ്യമഞ്ജരി ഏഴാംഭാഗത്തിൽ ചേത്തിട്ടുണ്ട്. ആ ഭാഗം മാത്രമേ പ്രസിദ്ധപ്പെടുത്തിട്ടുള്ളു എന്നാണ് എന്റെ വിശ്വാസം.

'സീതാവിജയം' എന്ന അപരാഭിധാനത്താൽ അറിയപ്പെടുന്ന ഈ 'ശതമുഖരായണംകിളിപ്പാട്ട്' ആദ്യന്തം വായിക്കുന്ന സഹൃദയന്മാക്ക് അതു സാക്ഷാൽ എഴുത്തച്ഛന്റെ കവിതതന്നെയോ എന്നുള്ളതിനേപ്പററി യാതൊരു സംശയവുമുണ്ടാകുന്നതല്ല. അദ്ധ്യാത്മരാമായണം കിളിപ്പാട്ടിനും പ്രസ്തുതഗ്രന്ഥത്തിനും തമ്മിലുള്ള ഏകോദരസഹോദരത്വം അത്രമേൽ പ്രസ്പഷ്ടമാണ്. അദ്ധ്യാത്മരാമായണം നിമ്മിച്ച് അധികകാലം കഴിയുന്നതിനു മുമ്പാണ് ഈ ലഘുകൃതിയുടെ നിമ്മിതിയെന്ന് അനുമാനിക്കുന്നതു അസംഗതമായിരിക്കുകയില്ല. 'ഉന്നതമുള്ളവൻ' "മഹൽകാലകോധന്മാർ" 'ദംഷ്ട്രാകരാളവും, 'അവാങ്മനോഗോചരം' ഇങ്ങനെ വ്യാകരണദൃഷ്ട്യാ സാധൂകരിക്കാൻ മാർഗ്ഗമില്ലാത്തതോ കൃച്ഛ്രേണ മാത്രം സാധൂകരിക്കാവുന്നതോ ആയി കാണുന്ന ഏതാനും ചില പ്രയോഗങ്ങൾ ഭാഷാശൈലിയെ അനുകരിച്ചു മഹാകവി ചെയ്തിട്ടുള്ളതാണെന്നു സമാധാനപ്പെടാവുന്നതാണ്. 'ത്രിയംബകം സംയമിനം ദദർശ' ഇത്യാദിപ്രയോഗങ്ങൾ കാളിദാസമഹാകവിക്കും സ്വീക
ിക്കേണ്ടതായി വന്നിട്ടുണ്ടല്ലോ. ഈ വിധത്തിലുള്ള വിശേഷപ്ര
ാഗങ്ങൾ എഴുത്തച്ഛന്റെ മററു കൃതികളിലും അപൂർവ
ി കാണാം.

ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിൽ എനിക്ക് ആ
ായി തീന്നിട്ടുള്ളതു പണ്ഡിതർ വടക്കുംകൂർ രാജരാജവമ
വർകൾ ചങ്ങനാശ്ശേരി പെരുന്നയിൽ താമരശ്ശേരി വടക്കേ

ടത്തു ശങ്കരൻനമ്പൂതിരി അവർകളുടെ പക്കൽനിന്നു സമ്പാദിച്ച ഒന്നും, ഞാൻ വലിയകൊട്ടാരം ഗ്രന്ഥപ്പുരയിൽ നിന്നു പരിശോധനയ്ക്കായി വരുത്തിയ മറെറാന്നും, ഇങ്ങനെ രണ്ടു താളിയോലഗ്രന്ഥങ്ങളാകുന്നു. രണ്ടു ഗ്രന്ഥങ്ങളിലുള്ള പാഠവും ശുദ്ധമെന്നു പറവാൻ പാടുള്ളതല്ല. രണ്ടുംകൂടിയൊത്തുനോക്കി എനിക്കു ശുദ്ധമെന്നു ബോധംവന്നിട്ടുള്ള പാഠമാണ് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നത്.

# ശതമുഖരാമായണം.

## കിളിപ്പാട്ട്.

---

### ഒന്നാംപാദം

രാമ! രാമാത്മാരാമ! ശ്രീരാമ! രമാപതേ!
രാമ! രാജേന്ദ്ര! രാമ! രാജീവവിലോചന!
രാമ! തേ പാദാംബുജം വാഴ്ക മാനസേ മമ;
രാമ! രാഘവ! തവ ചരണം ശരണം മേ.
ശ്രീരാമചരിതവും പാടിസ്സഞ്ചരിക്കുന്ന
ശാരികപ്പൈതലേ! നീ ചൊല്ലണമെന്നോടിപ്പോൾ
സാകേതപതിയായ ഭഗവാൻ പത്മേക്ഷണൻ
രാഘവൻതിരുവടിവിജയം ബഹുവിധം.
ഭാഗവതന്മാർക്കാനന്ദാമൃതോദയം പരം
യോഗീന്ദ്രന്മാർക്കു മനോമോഹനം; കേൾപ്പുണ്ടു ഞാൻ.
രാകേന്ദുമുഖിയായ ജാനകീവിജയം നീ
ശോകനാശനം പറഞ്ഞീടണമിനിയിപ്പോൾ.
ഭോഗിനായകഭോഗശയനശക്തിയായ
യോഗമായാദേവിതൻ വിജയം വിമോഹനം.
സാക്ഷാൽ ശ്രീനാരായണപ്രകൃതിവിലാസങ്ങൾ
മോക്ഷസാധനങ്ങളിൽ മുഖ്യമെന്നല്ലോ ചൊൽവൂ.
കേൾക്കയിലത്യാഗ്രഹമുണ്ടെനിക്കിതിയത്തു
കാൽക്ഷണകാലം കളഞ്ഞീടാതെ ചൊല്ലീടെടോ."
ശാരികപ്പൈതലതുകേട്ടുളവുരചെയ്താൾ;
താരകബ്രഹ്മശക്തിവിജയം കേട്ടുകൊൾവിൻ.
  എങ്കിലോ ശതാനന്ദനാകിയ മഹാമുനി
പങ്കജാസനപുത്രനാകിയ വസിഷ്ഠനെ
വന്ദിച്ചുഭക്തിയോടേ ചോദിച്ചു വിനീതനായ്:—
'വന്നിതാനന്ദം രാമചരിതംകേട്ടുമൂലം.
ന്തിരുവടി കനിഞ്ഞരുളിച്ചെയ്തീടണം
ഷ്ടാത്മനാ സീതാവിജയം മനോഹരം';

T. 2738. 1000. 7-10-99.   B

ഇങ്ങനേ ശതാനന്ദൻതന്നുടേ ചോദ്യംകേട്ട
തിങ്ങീടും പ്രീതിയോടേ വസിഷ്ഠനരുൾചെയ്തു
മംഗലപ്രദം സീതാവിജയം പൂർണ്ണാനന്ദം
സംഗനാശനകരം കൈവല്യപ്രദമല്ലോ.
കൊന്നിതു ദശാനനൻതന്നെ രാഘവൻ പിന്നെ-
ക്കൊന്നിതു ശതാനനൻതന്നെയും സീതാദേവി.
വന്നിതാനന്ദമതുകാരണം പ്രപഞ്ചത്തി-
ന്നിന്നതു കേട്ടുകൊൾക ചൊല്ലുവൻ ചുരുക്കി ഞാൻ.
പങ്ക്തിസ്യന്ദനനൃപനന്ദനനായ രാമൻ
പങ്ക്തികന്ധരൻതന്നെക്കൊന്നതിനനന്തരം
ഭാനുനന്ദനമുഖ്യവാനരപ്പടയോടും
ജാനകീദേവിയോടും ലക്ഷ്മണനോടുംകൂടി
ഭക്തനാം നക്തഞ്ചരശ്രേഷ്ഠനാം വിഭീഷണൻ
ശക്തനാം ജഗൽപ്രാണപുത്രനഞ്ജനാപുത്രൻ
തന്നോടും ലഘുതരം പുഷ്പകംകരയേറി
ച്ചെന്നയോദ്ധ്യയുംപുക്കു വസിച്ചു സന്തുഷ്ടനായ്
അഭിഷേകവും കഴിഞ്ഞാസ്ഥാനത്തിങ്കലമ്മാ-
റഭിമാനേന വസിഷ്ഠാദിതാപസരോടും
രത്നശോഭിതമായ സുവർണ്ണസിംഹാസനേ
പത്നിയേ വാമോത്സംഗേ ചേർത്തിരുന്നരുളുമ്പോൾ
അംഭോജേക്ഷണനോടു രാക്ഷസോൽപത്തിയെല്ലാം
കുംഭസംഭവനരുൾചെയ്തു കേട്ടൊരുശേഷം
രാവണവൃത്താന്തവും തൽസുതൻ മേഘനാദൻ
ദേവേന്ദ്രൻതന്നെപ്പോരിൽ ബന്ധിച്ച ശൌര്യങ്ങളും
കേട്ടുവിസ്മയം പൂണ്ടു മരുവിടിനനേരം
കേട്ടിതു മേൽഭാഗത്തു നിന്നശരീരിവാക്യം.
"എത്രയുംപരാക്രമിയാകിയ ദശാസ്യനേ
യുദ്ധേ നീ വധിച്ചതുകൊണ്ടു സന്തോഷിക്കേണ്ട
ത്രൈലോക്യഭയങ്കരനാകിയ ശതമുഖൻ;
പൌലസ്ത്യനവനുടെ കാൽനഖത്തിനുപോരാ!
ശോകഭീതികളേതുംകൂടാതേ സുഖിച്ചവൻ
ശാകദ്വീപത്തിൻമദ്ധ്യേ വാഴുന്നിതനാരതം.
ദധിസാഗരപരിവേഷ്ടിതമായാപുരേ

യുധി ദേവാദികളാലവദ്ധ്യനായിട്ടവൻ
അമരാരാതിശ്രേഷ്ഠനാകിയ ശതാനനൻ
സമരേ ജയിക്കണം നിന്നെയെന്നാകാംക്ഷയാ
സന്തതംവസിക്കുന്നിതിപ്പൊഴു"മെന്നവാക്യ-
മന്തരിക്ഷത്തിങ്കൽ നിന്നാശുകേൾക്കായനേരം
അത്ഭുതാകുലചിത്തനാകിയ രഘുവരൻ
അപ്പോഴേ കുംഭോത്ഭവൻതന്നോടു ചോദ്യംചെയ്തു.
"എന്തൊരത്ഭുതമശരീരിതന്നുടേ വാക്യം
നിന്തിരുവടിയരുൾചെയ്യണം പരമാർത്ഥം."
രാമചന്ദ്രോക്തികേട്ടു കുംഭസംഭവൻ പര-
മാമോദപൂർവ്വമരുൾചെയ്തിതു വഴിപോലെ.

---

## രണ്ടാംപാദം.

ഇത്ഥം കിളിമകൾ ചൊന്നതു കേട്ടടൻ
ചിത്തംതെളിഞ്ഞു ചോദിച്ചിതു പിന്നെയും.
ദാശരഥിചരിതം പാപനാശന-
മാശു ചൊല്ലീടിനിയും കഥാശേഷവും.
എന്നതുകേട്ടു പറഞ്ഞു കിളിമകൾ.
മന്നവൻതന്നോടഗസ്ത്യനരുൾചെയ്തു.
"രാജരാജേന്ദ്ര! രാജീവവിലോചന!
രാജപ്രവര! രജനീചരാന്തക!
കേട്ടുകൊണ്ടാലും യഥാവൃത്തമെങ്കിലോ
കേട്ടാലതീവഭയാനകം കേവലം.
ആശ്ചര്യരൂപശീലംപൂണ്ട പതിമാർ
കാശ്യപനുണ്ടു പതിമൂന്നുപേരെടോ.
എന്നവരിൽ ദനുവാമവൾ പെററുട-
ന്നുന്നതനായ ശതാനനനുണ്ടായി.
രക്തമൂളുകാലദുഷ്ടമതിനോടു
യുക്തനായ് മാതൃദോഷേണ പിറന്നവൻ
ഘോരമാമാസുരഭാവം പരിഗ്രഹി-
ച്ചാരാലുമേ ജയിക്കാനരുതാതൊരു
ശൌര്യംധരിച്ചു വളർന്നവനെത്രയും
ധൈര്യംഭജിച്ചു തപസ്സുതുടങ്ങിനാൻ.

ഘോരമായ്ച്ചെയ്ത തപോബലംകൊണ്ടവൻ
സാരസസംഭവനെപ്രസാദിപ്പിച്ചു
വേണ്ടുംവരങ്ങൾ വരിച്ചാൻ മഹാഭയം
പൂണ്ടു ജഗദ്വാസികളതുകാരണം.

കാലകേയാദ്യസുരപ്പടയോടുമ-
ക്കാലമസുരവരപരിസേവിതൻ
ത്രൈലോക്യവും പരിപാലിച്ചു; ദേവക-
ളാലോക്യ ഭീതികലർന്നൊളിച്ചീടിനാർ.
നൂറായിരം യോജനവഴിനീളമു-
ണ്ടേറെയില്ലേതുമേവണ്ണമതിലെടോ!
ചൂടുംകുസുമസമാനമൃദുഗണം;
ചൂടുമവനില്ല ശീതവുമില്ലല്ലോ.
കുണ്ഡലദ്വന്ദ്വസമാനം രവിശശി-
മണ്ഡലദ്വന്ദ്വമവൻ മഹാമതേ!
കാശീപുരവാസിനം പരമേശ്വര-
മാശയേ ചിന്തിച്ചുറപ്പിച്ചു പൂജിച്ചു.
തൽപ്രസാദത്താലവന്നമരത്വവു-
മപ്പോളനുഗ്രഹിച്ചു പരമേശ്വരൻ.
നിർഭയനായവൻ നീളേ നടന്നോരോ
സൽപ്രജാധ്വംസനംചെയ്യുന്നിതിന്നിപ്പോൾ.
മായാപുരിയിൽവാഴുന്നിതവൻ മഹാ-
മായാവിതാനവനെന്നുമറിക നീ.
കാലേയവനെ വധിച്ചു ലോകത്രയം
പാലനംചെയ്ക ഭവാനിനിവൈകാതെ."

ഇത്ഥമഗസ്ത്യസുഭാഷിതം കേട്ടു കാ-
കുൽസ്ഥനുമുള്ളിൽ വിചാരംതുടങ്ങിനാൻ.
മന്ത്രികളോടുമവരജന്മാരോടും
ചിന്തിച്ചുറച്ചു കല്പിച്ചു രഘൂത്തമൻ.
പിന്നെയും കുംഭോത്ഭവനോടു ചോദിച്ചു
മന്നവൻ മന്ദസ്മിതംചെയ്തു സാദരം.
"ഞാനവനെക്കൊലചെയ്യുന്നതെങ്ങനേ
ദീനദയാനിധേ! തത്വമരുൾചെയ്ക.
ദാനവവീരൻ മഹാബലവാൻ തുലോം;
മാനവന്മാർ ഞങ്ങൾ ദുർബലന്മാരല്ലോ."

എന്നതുകേട്ടരുൾചെയ്തു മഹാമുനി
മന്ദഹാസംപൂണ്ടു: "നന്നുനന്നെത്രയും.
രാമ! രഘുപതെ! രാജശിഖാമണെ!
കാമപ്രദ! പ്രഭോ! കാമദേവോപമ!
എങ്ങുമേ ചെല്ലരുതാത്തയുമില്ല ലോ-
കങ്ങളിൽ നിന്നുടേ ശസ്ത്രത്തിനോക്ക നീ.
വധ്യൻ ഭവാനാലവനെന്നു നിർണയം;
യുദ്ധം തുടങ്ങിയാലും ഭവാൻ വൈകാതെ.
ഇത്ഥമഗസ്ത്യമുനിതൻമൊഴികേട്ടു
ശത്രുഘ്നനോടും ഭരതനോടും നിജ-
സൌമിത്രിയൊടു മരുൾചെയ്തിതാദരാൽ
സൌമുഖ്യമോടു മന്ദസ്മിതപൂർവ്വകം.
"സൌമിത്രിയും ഞാനുമാശു ഭൃശകണ്ടനെ-
സ്സാമർത്ഥ്യമോടു വധിച്ചു രണാങ്കണേ.
ശത്രുഘ്നനും ലവണാസുരനെക്കൊന്നു
പൃത്ഥീതലേ നിജകീർത്തിപരത്തിനാൻ.
ഗന്ധർവ്വസംഘംജയിച്ചു ഭരതനു
മന്തമില്ലാതുള്ള കീർത്തി ലഭിച്ചിതു.
ശക്തനാകുന്നതാരിന്നു ശതാസ്യനേ
നിഗ്രഹിപ്പാനെന്നു ചിന്തിപ്പിനേവരും.
ലങ്കാപുരേ ലഘുമാർഗ്ഗേണ സാഗരം
ലംഘനംചെയ്തു ചെന്നാശു ദശാസ്യനേ
നിഗ്രഹിച്ചു പണിപ്പെട്ടിനിയെങ്ങനേ
നിഗ്രഹിക്കുന്നു ശതാസ്യനേ വൈകാതെ?
നാലുസമുദ്രങ്ങളും മഹാദ്വീപങ്ങൾ--
നാലും കടക്കുന്നതെങ്ങനേ ചൊല്ലുവിൻ".
പിന്നേ ഹനുമാനെ മന്ദംവിളിച്ചുടൻ
മന്നവർമന്നവനേവമരുൾചെയ്തു.
"അന്യജനങ്ങളാൽസാദ്ധ്യമല്ലിക്കാര്യം
നിന്നാലൊഴിഞ്ഞെന്നറിക മഹാമതെ.
ഉത്സാഹമാശു കൈക്കൊൾക ശൌര്യാംബുധേ!
*സത്സംഗസക്തിനാം ശാഖാമൃഗോത്തമ!"

* സൽസംഘസത്തമ എന്നു പാഠാന്തരം.

ഉത്തമാംഗേന വഹിച്ചാനവൻ പുരു-
ഷോത്തമവാക്യം മുദാ ഭക്തിപൂർവ്വകം.
രാക്ഷസകാലനാം മാരുതിയും മധു-
രാക്ഷരവാചാ തൊഴുതു ചൊല്ലീടിനാൻ.
"അംഭോജലോചന! ചൊല്‌വനുപായമൊ-
ന്നർണ്ണവദ്വീപങ്ങളെക്കടന്നീടുവാൻ.
ബാഹുജവീര! ഭവാനെഴുന്നള്ളുവാൻ
വാഹനമാകുന്നതുമടിയേനല്ലോ.
രാവണനിഗ്രഹത്തിന്നെഴുന്നള്ളുവാൻ
കേവലം വാഹനമായതു ഞാനല്ലോ.
വൻകടലൊക്കെക്കടന്നീടുവാൻ തവ
കിങ്കരനായടിയേനുണ്ടതിഭദ്രം.
ശങ്കാവിഹീനം കഴുത്തിൽക്കരേറുക
പങ്കജലോചന! പാർക്കരുതൊട്ടുമേ!"
എന്നതുകേട്ടരുൾചെയ്തിതു രാഘവൻ.
"എന്നുടെയാത്രയ്ക്കുപായമതുണ്ടല്ലോ.
ഇക്ഷ്വാകുവംശജാതന്മാർക്കു സേനയു-
മക്ഷൗഹിണിയുണ്ടറുപത്തിമൂന്നെടോ.
വെള്ളംകണക്കെപ്പുരന്നിരുപത്തൊന്നു-
വെള്ളം പടയുണ്ടു സുഗ്രീവവീരനും,
രക്ഷോബലവും വിഭീഷണവീരനും
ലക്ഷ്മണൻതാനും ഭരതനും തമ്പിയും
ലക്ഷ്മീസമാനയാം ജാനകീദേവിയും
ലക്ഷത്രയം മിഥിലാധിപസേനയും
എന്നോടു കൂടവേ പോരുമെല്ലാവരു-
മെന്നാലവരെക്കടത്തുന്നതെങ്ങനെ?"
    ഇംഗിതങ്ങൾ കപിപുംഗവനന്നേരം
മംഗലവാചാ തൊഴുതു ചൊല്ലീടിനാൻ.
"എങ്ങനേയെന്നരുൾചെയ്യുന്നതെന്തിദ-
മിങ്ങടിയേനിരിക്കെജ്ജഗതീപതേ!
ഈരേഴുലോകവുമാശു ലോകാലോക-
ഭൂരിധരാധരത്തോടുമെടുത്തു ഞാൻ
കൊണ്ടുപോവാൻ തിരുവുള്ളമെന്നെക്കുറി-
ച്ചുണ്ടെങ്കി, ലെന്തിതുചൊല്ലി വിഷാദിപ്പാൻ?

ചെന്നു ശാകദ്വീപവാസം ശതമുഖം
കൊന്നു വിരവിനോടിങ്ങെഴുന്നള്ളുക.
വന്നു മമ സ്കന്ധമേറുവിനേവരും;
മന്നവർമന്നവനായ മഹീപതേ!'

ഇത്ഥം സദാഗതിപുത്രവാക്യംകേട്ടു
ചിത്തം തെളിഞ്ഞു കാകുൽസ്ഥൻതിരുവടി
മന്ദേതരം മഹാപ്രസ്ഥാനമാരഭ്യ
മന്ദസ്മിതംചെയ്തിവണ്ണമരുൾചെയ്തു.
"വീരരെ! നേരേ ഭയാകുലമെന്നിയേ
മാരുതിവീരനുപരി കരേറുവിൻ.
എന്നതുകേട്ടോരു വമ്പടയൊക്കവേ
ചെന്നുടൻ മാരുതിപൃഷ്ഠമേറീടിനാർ
ആനതേർ കാലാൾ കുതിരപ്പടയുമായ്
മാനവവീരരും വാനരവീരരും
മാനമേറീടുന്ന കൌണപവീരരും
മാനവശ്രേഷ്ഠസഹോദരവീരരും
ജാനകീദേവിയും ശ്രീരാമദേവനും
വാനരേന്ദ്രോപരി ചെന്നുകരേറിനാർ.
മെല്ലവേ പൊങ്ങിനാൻ മാരുതി. വാരിധി-
കല്ലോലജാലങ്ങൾ കണ്ടുകണ്ടാദരാൽ
ക്ഷാരസമുദ്രവും ശക്കരയബ്ധിയും
ഘോരസുരാബ്ധിയുമാജ്യസമുദ്രവും
ജംബുദ്വീപം പ്ലക്ഷദ്വീപം കുശദ്വീപം
സംബാധിതക്രൌഞ്ചദ്വീപവുമെന്നിവ.
പിന്നീടുചെന്നു ശാകദ്വീപമുൾപുക്കു
നിന്നനേരം ദധിസാഗരവും കണ്ടു.
വന്നോരു വിസ്മയം പൂണ്ടു മഹാബല-
രന്യോന്യമാലാപവും ചെയ്തിതങ്ങനെ.
നന്നുനന്നഞ്ജനാനന്ദനനെന്നിദം
നന്ദിച്ചു വിശ്രമിച്ചീടിനാരേവരും.

കണ്ടാൽ മനോഹരമായ മായാപുരം
കണ്ടു ശതാനനപാലിതമത്ഭുതം
നന്ദനംനിന്ദിക്കുമുദ്യാനദേശമാ-

നന്ദപ്രദം കാഞ്ചനദ്രുമശോഭിതം
ഉദ്യാനമുക്കനിന്നരുളീ രാഘവപുംഗവ-
നത്ഭുതവിക്രമനച്യുതനദ്വയൻ
ചിൽപുരുഷൻ പുരുഷോത്തമനവ്യയൻ
സൽപുരുഷപ്രിയൻ കിൽബിഷനാശനൻ.
"കൂട്ടമൊരുമിച്ചുനില്പിനെല്ലാവരും
കോട്ടയഴിപ്പിൻ; കിടങ്ങുതൂത്തീടുവിൻ."
അക്കുലോത്ഭവനാജ്ഞയാ വേഗമോ
ടൎക്കജനാദിയാം വാനരവീരരും
രക്ഷോബലവും വിഭീഷണവീരനും
ഇക്ഷ്വാകുവംശപരിവൃഢസേനയും
മായാപുരിമതിലും കിടങ്ങും തക-
ൎത്തായോധനത്തിനടുത്തുചെന്നീടിനാർ.
തൽപുരിപാലകന്മാരായ സംഗ്രാമ-
തൽപരന്മാർ മഹൽകാലകേയന്മാരും
ഹസ്തിരഥതുരഗങ്ങൾതോറും നിജ-
ഹസ്തേ പരമായുധങ്ങൾധരിച്ചുടൻ
വെട്ടുമിടികൾപോലെ ഭയമാംവണ്ണ-
മട്ടഹാസം ചെയ്തടുത്താരതിദ്രുതം.
ശസ്ത്രങ്ങളസ്ത്രങ്ങൾ നാരാചപങ്ക്തികൾ
മുൾത്തടി ശൂലം മുസലം ഗദകളും
ഖണ്ഡങ്ങൾ വാളും ചുരിക കടുത്തില
ഭിണ്ഡിപാലങ്ങൾ പരിഘങ്ങളീട്ടികൾ
ശക്തിയും ചക്രവും വെണ്മഴുവീച്ചുവാൾ
കൈക്കത്തിയും കന്നക്കത്തിയും ചോട്ടയും
കുന്തം കുറിയവാൾ* ചന്തമേറും പീലി-
ക്കുന്തം ചവിളം ചുരട്ടുകുന്തങ്ങളും
കൈക്കൊണ്ടടുത്തു തുകിത്തുടങ്ങീടിനാ-
രുൾക്കരുത്തോടു രഘുനാഥസൈന്യവും.
വാനരന്മാരുടെ ഗൎജ്ജിതഘോഷവും
കൌണപവീരമഹാസിംഹനാദവും
വാരണവാജികൾനാദവിശേഷവും
കാരണപൂരുഷശംഖനിനാദവും

*കുതിരവാൾ എന്നപാഠാന്തരം.

തേരുരുൾനാദവും ജ്യാനാദഘോഷവും
ഭേരിമൃദംഗാദിവാദ്യഘോഷങ്ങളും
എന്നിവ മുറ്റെക്കൊണ്ടു മാറെറാലികൊൾകയാൽ
നന്നായ് വിറച്ചു തുടങ്ങി ജഗത്ത്രയം.
അന്യോന്യമേററു പൊരുതുമരിച്ചിത-
ത്യുന്നതന്മാരായ വീരർ ബഹുവിധം.
ഇങ്ങനേ രണ്ടുമാസം പൊരുതോരള-
വങ്ങറിഞ്ഞു ശതവക്രൻ മഹാബലൻ
ന്തൂറായിരം യോജനോന്നതമുള്ളവൻ
ന്തൂറുതലയുമിരുന്തൂറുകൈയുമായ്
തന്നുടേ സേനാപതികളും സേനയും
സന്നമായ് വന്നതറിഞ്ഞു കോപിച്ചുടൻ
സന്നദ്ധനായ് പുറപ്പെട്ടുരണത്തിനായ്
സൈന്യസമേതമപേതഭയാകുലം.
ശങ്കരധ്യാനവും കൈവിട്ടു രോഷേണ
ശങ്കാവിഹീനം പൊരുതടുത്തീടിനാൻ.
ഉജ്ജ്വലിച്ചുള്ള ശസ്ത്രാസ്ത്രങ്ങൾ വർഷിച്ചു
വിജ്വരാത്മാ ചെന്നടുക്കും ദശാന്തരേ
വിസ്മിതനാകിയ രാഘവൻതന്നോടു
സസ്മിതം വായുതനയനും ചൊല്ലിനാൻ.
„ചിന്തയുണ്ടാകൊലാ കാരുണ്യവാരിധേ
ചിന്തയാകുന്നതു കാര്യവിനാശിനി.
കിന്തയാ ചിന്തയാ യത്ഭയാ ഹന്തവ്യ-
നന്തരമില്ല ശതാനനൻ ഭൂപതേ!"
ഇത്ഥംപറഞ്ഞു നിജരൂപവും ധരി-
ച്ചുസ്തഭീത്യാ രുഷാ സഞ്ചരിച്ചീടിനാൻ.
മധ്യാഹ്നമാർത്താണ്ഡമണ്ഡലതുല്യമാം
വക്ത്രവും മേരുസമാനശരീരവും
കൈക്കൊണ്ടു ശോഭിച്ചു കാണായിതന്നേര-
മക്കാത്മജപ്രിയമക്കപിശ്രേഷ്ഠത്തമം.
ഇത്ഥം പറഞ്ഞടങ്ങി കിളിപ്പൈതലും;
ചിത്തമാനന്ദിച്ചിരുന്നിതു-ഞങ്ങളും.

:

## മൂന്നാംപാദം.

പറകപറകഴകൊടു പുനരിനിയുമാശു നീ
പാപമെല്ലാമകലെപ്പോമതിനാലെ,
തരണികുലതിലകനരുചരിതനഖിലേശപരൻ
താപവിനാശനൻ ദാനവനാശനൻ
ചരിതരസമമൃതസമമതിരുചിരമുച്യതാം
ചാരുകളേബരേ! ശാരികപ്പൈതലേ.
തദനു കിളിമകളുമതികുതുകമൊടു ചൊല്ലിനാൾ
താരകബ്രഹ്മമാഹാത്മ്യമനുത്തമം.
കരികളഭകരസദൃശകരയുഗളശോഭയും
കാഠിന്യമേറുന്ന ദംഷ്ട്രാകരാളവും
തരുണരവികിരണരുചിസമരുചിരകാന്തിയും
താരകാകാരഹൃദയസരോജവും
കനകഗിരിശിഖരരുചിസമഗുരുകിരീടവും
കാലാനലാഭനാ കാണായിതന്തികേ.
പവനതനയനെ നികടഭുവി ഝടിതി കണ്ടതി-
പാപി ശതാനനൻ വിസ്മയംതേടിനാൻ.
അനിലജനമതുപൊഴുതു ശതമുഖനെ മുഷ്ടികൊ-
ണ്ടാഹന്ത താഡിച്ചിതൊന്നു വക്ഷസ്ഥലെ.
വ്യഥയൊടതുപൊഴുതു ശതമുഖനഥ മോഹിച്ചു
വീണിതു ബോധംമറന്നു വിവശനായ്.
അതികഠിനതരപതനപരവശതയാ സമ-
മർദ്ധപ്രഹരമാത്രം കിടന്നീടിനാൻ.
വരബലമൊടതുപൊഴുതു ശതമുഖനുണർന്നുടൻ
വായുതനയനേ മാനിച്ചുവാഴ്ത്തിനാൻ.
പവനസുതനരനി പുനരസുരനുരുശൂലേന
ബാധിച്ചതേററവനും വീണുമോഹിച്ചു.
പതിതമഥപവനസുതമമിതബലമീർഷയാ
പാദങ്ങൾകൊണ്ടു ചവിട്ടിനാൻ പിന്നെയും.
ശുഭചരിതനനിലസുതനമിതബലനാധിപൂ-
ണ്ടയ്യോ! ശിവ ശിവ! എന്നുമാൽ തേടിനാൻ.
"വാസുദേവായ ശാന്തായ രാമായ തേ

വാസവമുഖ്യവന്ദ്യായ നമോ നമഃ
പ്രദ്യുമ്നായാനിരുദ്ധായ ഭരതായ
ധന്വിനേ സംകർഷണായ രുദ്രായ തേ
ശ്രീലക്ഷ്മണായ മഹാത്മനെ സത്വായ
ശ്രീരാഘവായ ശത്രുഘ്നായ തേ നമഃ.
നിർമ്മലായാക്ലിഷ്ടകർമ്മണേ ബ്രഹ്മണേ
നിർമ്മമായാഖിലാധാരായ തേ നമഃ.
അച്യുതായാനന്ദരൂപായ രാമായ
സച്ചിൽസ്വരൂപായ സത്യായ തേ നമഃ."
മങ്ങാത ഭക്ത്യാ പരമപുരുഷനേ
മംഗലം ചൊല്ലിസ്തുതിച്ചുടൻധ്യാനിച്ചു
പാവനനാകിയ പാവനി തന്നുടെ
ഭാവനയാലേ തെളിഞ്ഞുവിളങ്ങിനാൻ.
വിശ്വാസഭക്ത്യാ ജയിച്ചു ശത്രുക്കളേ
വിശ്വംനിറഞ്ഞ രൂപേണ നിന്നീടിനാൻ.
ഇസ്തുതി ഭക്ത്യാ ജപിക്കുന്ന മർത്ത്യനു
ശത്രുനാശം ഭവിക്കും നഹി സംശയം.

പവനസുതമവനതമുഖാംബുജം കണ്ടുടൻ
ഭുവനപതി പൂർണ്ണസന്തുഷ്ട്യാ മരുവിനാൻ.
അഥ ഝടിതി ശതവദനനഖിലജഗദീശ്വര-
മാലോക്യ യുദ്ധാങ്കണസ്ഥിതം രാഘവം
നിജമനസി മുഹുരപിച വിസ്മയം കൈക്കൊണ്ടു
നിന്നോരസുരനെക്കണ്ടു രഘൂത്തമൻ.
സമരരസവിവശതരഹൃദയമോടനന്തരം
സൌമിത്രിയോടു തൻ വില്ലുവാങ്ങിടിനാൻ.
കരകമലധൃതവിശിഖചാപനാം രാഘവം
കണ്ടതിക്രോധം മുഴുത്തോരു ദാനവൻ
കലിതബഹുകലഹരസമകതളിരിൽ വാച്ചോരു
കാലകേയാവലിയോടും ശതാനനൻ
ജ്വലദനലതുലിതശതവദനസഹിതം മുദാ
ജ്യാനാദവും സിംഹനാദവും ചെയ്തുടൻ
പരമപുരുഷനൊടു രണമുഴുകൊടു തുടങ്ങിനാൻ
പർവ്വതതുല്യശരീരി ശതാനനൻ.

ദശവദനസഹജനരുണജനോടു സമം തദാ
ദാനവനോടു കലഹം തുടങ്ങിനാൻ.
വലിയ ശിലകളുമചലജാലം തരുക്കളും
ബാണങ്ങളും വരിഷിച്ചാൻ ബഹുവിധം.
അവയുമവനമിതശരമെയ്തു ഖണ്ഡിച്ചുട-
ത്തന്യോന്യമുഷ്ടിയുദ്ധം തുടങ്ങീടിനാൻ.
തദനു ദശവദനസഹജനരുണപുത്രനും
ദാനവപാദപ്രഹരസംബാധയാ
ലവണജലനിധിനടുവിലചലവരമൂർദ്ധനി
ലങ്കാപുരദ്വാരി ചെന്നു വീണീടിനാർ
ദനുതനയചരണപരിപതനപരിപീഡയാ
ദേഹം നുറുങ്ങിപ്പതിച്ചാരിരുവരും.
സപദി പവനജനമതറിഞ്ഞു ബാലം നിജം
സാഹസത്തോടു നീട്ടിക്കൊടുത്തീടിനാൻ.
അജിതനഥ ജിതപവനനനിലസുതനാദരാ-
ലാജ്യമദ്യേക്ഷുലവണാംബുധികളും
ഗിരിഗഹനനഗനഗരനദനദികൾ ചേന്നേഴും
ക്രൌഞ്ചകുശപ്ലക്ഷജംബുദ്വീപങ്ങളും
ഘനനഘടിതപവനലാഘവമാർഗ്ഗേണ നീണ്ടവാൽ
കണ്ടു കപീന്ദ്രനും കൌണപവീരനും
ബഹുമതിയോടതികുതുകഹൃദയമൊടുഭൌ തദാ
ബാലമവലംബ്യ തത്ര ചെന്നീടിനാർ.
വനജദളനയനപദകമലയുഗളം മുദാ
വന്ദിച്ചു വിസ്മയംപൂണ്ടു നിന്നീടിനാർ.

പ്ലവഗകുലപതികളതുപൊഴുതു കലഹാശയാ
പേർത്തും ശിലാശൈലവൃക്ഷങ്ങൾ തൂകിനാർ.
കരബലമോടഥ ദനുജകുലപതി ശതാനനൻ
ഖണ്ഡിച്ചതൊക്കെക്കളഞ്ഞു ശരങ്ങളാൽ.
തദനു ദനുസുതനതനുതനു നിജശരങ്ങളാൽ
താപം വളർത്തിനാൻ വാനരൌഘത്തെയും.
അമരപതിസുതതനയനംഗദൻ നീലനും
അശ്വിനീപുത്രരാം മൈന്ദൻ വിവിദനും
അജതനയനളകുമുദവിനതപനസാദിയും

ആശ്ശുഗവേഗം കലരും പ്രമാഥിയും
സുമുഖദധിമുഖവൃഷഭവികടശരതബലികളും
ദുർമ്മുഖനും വേദദർശിയും രംഭനും
ശിഖരിവരഗുരുതരശരീരികളായെഴും
ശ്വേതനും കേസരി താരൻ സുഷേണനും
അധികതരബലസഹിതകപികളിടരോടു പാ-
ഞ്ഞങ്ങുമിങ്ങും പതിച്ചീടിനാരേവരും.
അസുരകുലപതിചരണപരിപതനഭീതികൊ-
ണ്ടാരുമെതിരിട്ടുന്നീല യുദ്ധാങ്കണേ.
സമരഭുവി ശരനികരവരിഷമോടണഞ്ഞിതു
ശത്രുഘ്നലക്ഷ്മണന്മാരും ഭരതനും.
കലഹരസമതികളഥ കലിതരുചി പോയിതു
കാലാലയം പ്രതി കാലകേയന്മാരും.
പൊരുതുപൊരുതസുരകളുമമരഭുവി മേവിനാർ
പോയിതു മാസചതുഷ്ടയമിങ്ങനെ.
ദിവസമനുപൊരുതു രഘുപതിസഹജരേവരും
ദീനതപൂണ്ടു പരിശ്രമം തേടിനാർ.
നിജസഹജരമിതപരവശതയൊടു വീഴ്കയാൽ
നീലോല്പലദലലോചനൻ രാഘവൻ
പവനതനയനെ മനസി പാരം പ്രശംസിച്ചു
ഭാവിച്ചു യുദ്ധത്തിനാശു നിന്നീടിനാൻ.
കരകമലധൃതശരശരാസനം രാഘവം
കണ്ടു ലോകങ്ങളും വിസ്മയംപൂണ്ടുതേ.
നിയുതശശിരവിദഹനരുചിരരുചിപൂണ്ടെഴും
നിർമ്മലതാരകബ്രഹ്മരൂപൻ പരം
സമരചതുരതയൊടസുരാധിപൻതന്നോടു
സായകപങ്ക്തി തൂകീടിനാൻ മേല്ക്കുമേൽ.
ദനുജവരതനുഗലിതരുധിരകണപാതേന
ദാനവസംഘമസംഖ്യമുണ്ടായ്വന്നു.
അവരോടതികഠിനതരമതിനിശിതബാണങ്ങ-
ളററമില്ലാതോളമെയ്തു രഘുവരൻ*
പുനരപിചപുനരപിച ദനുജസമുദായേന

* രഘൂത്തമൻ എന്നു പാഠാന്തരം.

പൂൎണ്ണമായ്വന്നു ഭുവനമെല്ലാടവും.
അഥ ഝടിതി ദശരഥനൃപാത്മജന്മാരുമി-
ങ്ങത്രയുണ്ടായിതസുരരോളം തദാ.
പവനതനയനമമിതയോഗമായാബലം
പശ്യ ശതമുഖന്മാരെയൊടുക്കിനാൻ.
ശതവദനഗണവുമുരുരഘുപതികദംബവും
ശത്രുഭാവേന യുദ്ധംചെയ്തിതേററവും.
ശതവദനരുധിരഗണജാതദൈത്യൗഘവും
ശക്തിയോടേ പൊരുതീടിനാർ പിന്നെയും.
ത്രിഭുവനവുമസുരവരമയമഖിലമെന്തിദം
ധീരതയോടൊടുക്കാവതുമെങ്ങനെ?
കമലഭവമധുമഥനപശുപതിമുഖാസ്ത്രങ്ങൾ
കാകുൽസ്ഥനും പ്രയോഗിച്ചാൻ ബഹുവിധം.
അതിനവന്നുമവരവ കളഞ്ഞു മാററങ്ങളാ-
ലത്ഭുതമായ്വന്നിതായോധനോത്സവം.
പവനസുതനമിതബലവേഗേന സംഗരേ
പാദഹസ്തപ്രഹാരേണ കൊന്നീടിനാൻ.
ഭരതനതുപൊഴുതിലനുജന്മാരുമായ്വന്നു
പാരവശ്യംതീൎന്നു യുദ്ധം തുടങ്ങിനാൻ.
നരപതിയുമസുരകുലപതിയുമതിരോഷേണ
നന്നായ്പ്പൊരുതാരൊരുഭേദമെന്നിയെ.
    നിഖിലനിശിചരശമനകരനഖിലനായകൻ
നിന്നു പരിശ്രാന്തനായ് സമരാങ്കണേ.
കമലദലനയനനഥ ജനകമകൾതന്നുടെ
കൈയിൽകൊടുത്തിതു കാർമ്മുകവും തദാ.
മിഥിലനൃപസുതയുമഥവാങ്ങിനാൾ ചാപവും
മേന്മതകും ബാണജാലവും തൂണിയും.
നിജരമണനികടഭുവി ജനകസുതയും തദാ
നിന്നു ജയലക്ഷ്മിയെന്നപോലെ മുദാ.
രഘുപതിയുമതുപൊഴുതു മൃദുഹസിതപൂൎവ്വകം
രമ്യാംഗിമാനസംകണ്ടരുളിച്ചെയ്തു.
„ദശവദനമതിചതുരമുരുഭയദസംഗരേ
ദണ്ഡമൊഴിഞ്ഞു ഞാൻ കൊന്നേൻ പ്രിയതമേ;

വിബുധപതിജിതമരിയദശമുഖതനൂജനെ
വീരനാം സൌമിത്രി കൊന്നു ജിതശ്രമം.
മധുതനയമമിതബലമപി ലവണനെത്തഥാ
മാനിയാം ശത്രുഘ്നനും വധിച്ചീടിനാൻ.
ഗഗനചരപരിവൃഢരൊടധിരണമനന്തരം
ഗന്ധർവ്വവീരരെക്കൊന്നു ഭരതനും.
ശതവദനനിവനവരിലധികബലനാകയാൽ
ശാരദാംഭോജവക്ത്രേ! വധിച്ചീടു നീ!
നിഹതനിവനിഹ സമരഭുവി ഭവതിയാലതു
നിശ്ചയം; യുദ്ധം തുടങ്ങു നീ വല്ലഭേ!"

ഇതിരമണമൃദുവചനനിശമനദശാന്തരേ
ഈശ്വരി രോഷേണ യുദ്ധം തുടങ്ങിനാൾ.
ശതമുഖനമുഗ്രമിഥിലനൃപസുതയുമിങ്ങനേ
ശസ്ത്രാസ്ത്രജാലം വരിഷിച്ചതു നേരം
ജഗദഖിലമതിനിശിതതരശരശതങ്ങളാൽ
ചെമ്മേ മറഞ്ഞിതു; ദിവ്യജനങ്ങളും
ഹര പരമശിവ ശിവ ഹരെതി നിന്നീടിനാ-
രാഹന്ത ഹന്ത കണ്ടീല നാമിങ്ങനെ
ഒരു സമരമൊരുദശയിലൊരുദിശി വിചിത്രമി-
തോർത്താൽ പുകഴ്ത്തരുതാർക്കുമൊരിക്കലും.
വിബുധനരമുഖവിതതി വിവിധമിതി വാഴ്ത്തിയും
വിസ്മയപ്പെട്ടും വസിക്കും ദശാന്തരെ
മഹിഷനൊടു മഹിതതമമഹിതകുലനാശിനി
മായാഭഗവതി ചെയ്ത പോർപോലെയും
ദിവസകരസുതമുഖഹരിപ്രവരൌഘവും
ദിവ്യൻവിഭീഷണനും തൽബലൌഘവും
മനുജപതിവൃഢരുമതികുതുകമൊടു കണ്ടുള്ളിൽ
മാനിച്ചു വിസ്മയം കൈക്കൊണ്ടു മേവിനാർ.
ശരപരിഘപരശുപവിമുസലമുഖശസ്ത്രങ്ങൾ
ശക്തികൈക്കൊണ്ടു പരസ്പരം തൂകിനാർ.
ശതവദനജനകനൃപദുഹിതൃശരജാലങ്ങൾ
ശങ്കാവിഹീനാ മുറിച്ചു പരസ്പരം
കഠിനതരമിടികളിടരെഴുമടവു ഞാണൊലി

കാണികൾകേട്ടു മോഹിച്ചു പതിക്കയും
ദശവദനനികടഭുവി രുധിരമയവൃഷ്ടിയും
ശർക്കരാവൃഷ്ടിയുമുൽക്കാനിപാതവും
ദുരുപശമത്തുമുപതമസമരസമയേ തഥാ
ദുർന്നിമിത്തങ്ങൾ കാണായി പലതരം.
മിഥിലനൃപദുഹിതൃശരശകലിതശരീരനായ്
മൃത്യുപുരോന്മുഖനായ ശതാനനൻ
നിശിതതരവിശിഖശതമാശു വിട്ടീടിനാൻ
നീലോല്പലാക്ഷിതൻ നെററിത്തടാന്തരെ.

പവനസമജവമൊട്ടടനതുലവിശിഖംവന്നു
ഫാലദേശേകൊണ്ടു രക്താഭിഷിക്തയായ്
ദശവദനരിപുമഹിഷി മുഹുരസഹരോഷേണ
ചേതസി ചിന്തിച്ചുറപ്പിച്ചിതാദരാൽ.
"അയുതശതനവമിഹിരസമരുചികലർന്നെഴു-
മാനന്ദവിഗ്രഹമത്ഭുതവിക്രമം
തരണികുലഭവമഭവമഭയദമനാമയം
താപത്രയാപഹം സച്ചിൽസ്വരൂപിണം
ദശവദനകുലവിപിനദഹനമഖിലേശ്വരം
ദേവദേവം വിഭും കുംഭകർണ്ണാന്തകം
സലിലനിധിതരണകരചതുരമസുരാന്തകം
സായകകോദണ്ഡദോർദ്ദണ്ഡമണ്ഡിതം
ഖരശമനകരമമലമതുലബലമവ്യയം
കാരണപൂരുഷം കാമദാനപ്രിയം
മൃതിസമയഭയഹരണനിപുണചരണാംബുജം
മൃത്യുമൃത്യും പരം മർത്ത്യരൂപം ഭജേ."
തപനകുലശുചികരസുചരിതമതികോമളം
താരകബ്രഹ്മസംജ്ഞം രാമനാമകം
നിജഹൃദയകമലഭുവി നിരുപമമുറപ്പിച്ചു
നിർമ്മലം പഞ്ചവാരം ജപിച്ചീടിനാൾ.
ഒരുപുരുഷനിതു സപദി കനിവൊടു ജപിക്കിലു-
മുണ്ടാമവന്നഭീഷ്ടപ്രാപ്തി നിർണ്ണയം.
ഹരനമലനമൃതമയനംബികാവല്ലഭ-
നമ്പോടു താരകബ്രഹ്മം ജപിക്കയാൽ
അസുരസുരഭയദമലമമൃതമഥനോത്ഭവം

ഹാലാഹലാഹാരമാശു ചെയ്തീടിനാൻ.
കരുണയോടുമിതു ചെവിയിലലിവൊടുപദേശിച്ചു
കാശ്യാം മരിപ്പവൻ മുക്തി സാധിക്കുന്നു.
വരബലമൊടമിതരുചിരാമജപത്തിനാൽ
വാല്മീകിയും കവിശ്രേഷ്ഠനായീടിനാൻ.
രഘുതിലകചരണയുഗമകതളിരിലോർത്തുടൻ
രാമമന്ത്രം ജപിക്കിൽ സാദ്ധ്യമൊക്കെയും.
അഖിലമഭിമതമിതുജപിക്കിൽ വന്നീടുമെ-
ന്നാത്മനാ ചിന്തിച്ചുറച്ചു വൈദേഹിയും
"സകലയുവതികളിലഹമിഹ യദി സതി മമ
സത്യസന്ധൻ ഭുവി ഭർത്താവുമെങ്കിലോ
ശതമുഖനെ വിരവോടു വധിക്ക നീ"യെന്നൊരു
ശസ്ത്രം തൊടുത്തു വലിച്ചുവിട്ടീടിനാൾ.
അയുതരവികിരണരുചിതടവിന ശരം ദ്രുത-
മാഹന്ത കൊണ്ടു വീണു ശതവക്ത്രനും.
കമലമകളതുപൊഴുതു നിജപതിപുരോഭുവി
കാളരാത്രീവ നിന്നീടിനാളുഗ്രമം.
ലവണജലനിധി കലശകണ്ണ*പോതേ യഥാ
ലാഘവം കൈക്കൊണ്ടുപോങ്ങീ പുരാ; തഥാ
ദധിജലധി ശതവദനപതനസമയേ ചെന്നു
ദേവലോകത്തു വൃത്താന്തമറിയിച്ചു.
യുവതികളൊടമിതസുഖമദിതിതനയരഖിലവു-
മുണ്ടായസന്തോഷവിസ്മയം ചൊല്ലിനാർ.
വിബുധതരുവരകുസുമവൃഷ്ടിയും ചെയ്തിതു
വിദ്യാധരാദികളതാദരാത്മനാ;
മനുജപതിവൃദ്ധജനകദുഹിതൃമരുദാത്മജ-
ന്മാരുടേ മൂർദ്ധ്നി സാദ്ധ്യസിദ്ധാ മുദാ.
ശതവദനശമനവചനേന ചാപാസ്ത്രങ്ങൾ
ദേവി സൌമിത്രികൈയിൽ കൊടുത്തീടിനാൾ.
ദശവദനസഹജസമരജനിചരവൃന്ദവും
ദേവേന്ദ്രപുത്രാത്മജാദികപികളും
അതിവിനയമൊടു ഭരതനവരജന്മാരുമാ-
യാനന്ദരൂപിണിയെത്തൊഴുതീടിനാർ.

*കലശകണ്ണൻ = കുംഭകണ്ണൻ.

മുഹുരപി ച മുഹുരപി ച പരമഹർഷംപൂണ്ടു
മൂലപ്രകൃതിയെ വന്ദിച്ചിതേവരും.
രഘുപതിയുമതികുതുകമൊടു ഝടിതി നല്കിനാൻ
രത്നമയം നിജഹാരം മനോഹരം.
ക്ഷണസമയമകമലരിൽ വിരവൊടു വിചാര്യ തൽ
ക്ഷീരരത്നാകരകന്യകയും മുദാ
നിജരമണവദനസരസിരുഹവുമനന്തരം
നിർമ്മലഹാരവും മാരുതിവക്ത്രവും.
ഉടമയൊടുമുടനുടനെയിടകലരെ നോക്കിനാ-
ളുള്ളമറിഞ്ഞിതു രാഘവദേവനും.
"വിമലതരശശിമുഖി! തവാന്തർഗ്ഗതത്തിന്നു
വിഘ്നംവരുത്തുവാനാരുമില്ലത്ര കേൾ.
തവഹൃദയനിഹിതമിഹ കുരുകരു യഥേപ്സിതം
തൽകാര്യമീപ്രപഞ്ചത്തിന്നു സമ്മതം."
പതിവചനനിശമനദശാന്തരേ സീതയും
ഭർത്താവിനോടു ചിരിച്ചരുളിച്ചെയ്തു.
"ഇതിനനിലതനയനിവനേകവീരൻ ദൃഢ-
മിന്നുയോഗ്യൻ പുനരെന്നെന്നുടേ മതം."
സുദൃഢമിതി തപനകുലപതിയുമുരചെയ്തിതു,
സുന്ദരിയും ഹനുമാനു നല്കീടിനാൾ.
ബഹുമതിയൊടതിവിനയമടിമലരിൽവീണവൻ
വന്ദിച്ചുനിന്നു തൊഴുതുവാങ്ങീടിനാൻ.
അരുണശതരുചിയൊടനിലജനതുധരിച്ചുചെ-
ന്നാനന്ദമൂർത്തിയെ വീണുവണങ്ങിനാൻ.
വരദനജനമൃതമയനാനന്ദവാർദ്ധാന്നു
വാത്സല്യമോടുംകൊണ്ടു വക്ഷസി ചേർത്തുടൻ
"വരിക കപികുലതിലക! വായുസൂനോ! ഭവാൻ;
ബ്രഹ്മപദംതന്നെ തന്നേൻ നിനക്കു ഞാൻ.
ബഹുസമയമിഹ തപസി കൃതരസമിരുന്നുടൻ
ബ്രഹ്മതപവും ഭവിച്ചീടും ഭവാനെടോ.
പരനമലനമൃതമയനാദിനാരായണൻ
പണ്ടുധാതാവിനിബ്ഭൂഷണം നല്കിനാൻ.
കമലഭവനഥ കനിവൊടിക്ഷ്വാകുഭൂപനും

കാരുണ്യമോടു കൊടുത്താനിതു പുരാ.
പരമരുചിതടവിനൊരു ദിവ്യവിഭൂഷണം
പട്ടാഭിഷേകസമയേ നൃപകുലം
സകലഗുണമിയലുവതിനവരവർ ധരിച്ചിതു
സാകേതരാജ്യാധിപത്യപ്രസിദ്ധയേ.
സഗരരഘുമുഖമനുകുലോത്ഭവന്മാക്കിതു
സാവ്വഭൌമത്വമുണ്ടാക്കിച്ചമച്ചിതു.
സതതഗതിതനയ! കപികുലതിലക! സർവദാ
സാദരം നീ ധരിച്ചീടുക കന്ധരേ.
വരഗുണഹമറിക തവ ഹിതകരനനാരതം
വായുസുത! മമ നാമം ജപിക്കനീ".
മനുജവരമനുജയുതമനഘമമന്ത്രമം
മാരുതിയും നമസ്കൃത്യ സീതാജ്ഞയാ
കനകഗിരിനിഭരുചികലന്നഭീഷ്ടാപ്തയേ
കണ്ഠേ ധരിച്ചിതു ഹാരം മനോഹരം.
  മുനിതിലകനമരവരചരിതമമൃതോപമം
മോദാൽ ശതാനന്ദനോടരുളിച്ചെയ്തു.
രജനിചരകുലവിപിനദഹനചരിതം മനോ-
രമ്യം മുദാ കേട്ടിരുന്നിതെല്ലാവരും.

---

നാലാംപാദം.

ശാരികപ്പൈതലേ നീ ജാനകീവിജയമി-
താശ്രദ്ധാനന്ദം പറഞ്ഞീടുക മടിയാതെ.
ശാരദാംഭോജനേത്രനാകിയ രാമചന്ദ്രൻ-
ചാരുശ്രീമയമായ ചരിതം ചൊല്ലീടുവൻ.
സാരസാസനസുതൻ വസിഷ്ഠതപോധനൻ
സാരസ്യവാചാ ശതാനന്ദനോടരുൾചെയ്തു.
രാജരാജേന്ദ്രം സീതാസംയുതം രാമചന്ദ്രം
രാജീവവിലോചനം രാവണാന്തകം വീരം
വാതനന്ദനഗളവാഹനസ്ഥിതം വരം
ഭ്രാതൃസേവിതം പരമാനന്ദമാത്മാമൃതം
ദാനവനായ ശതമുഖനേ വധംചെയ്തു

ജാനകിയോടുംകൂടെക്കണ്ടു ദേവാദികളും
അംഭോജാസനൻമുൻപായുള്ള താപസന്മാരു-
മംഭോജാക്ഷനെസ്തുതിച്ചീടിനാർ ഭക്തിയോടേ.
രാഘവാജ്ഞയാ പരിതാപവുമകന്നവ-
രാകുലം തീൎന്ന നിജമന്ദിരമകംപുക്കാർ.
    രാമനന്മായോധനേ മരിച്ച ജനങ്ങളേ
വാമനേത്രംകൊണ്ടു ജീവിപ്പിച്ചു യഥാസുഖം
സുഗ്രീവവിഭീഷണമുഖ്യന്മാരാദിട്ടുള്ള
മൎക്കടപ്രവരരും രാക്ഷസവീരന്മാരും
ജാനകീദേവിതാനും സോദരവീരന്മാരും
മാനവശ്രേഷ്ഠൻ കൌസല്യാത്മജൻ രാമഭദ്രൻ
വാനരശ്രേഷ്ഠനായ വാഹനത്തിന്മേലേറി-
ക്കാനനഗിരിയുതദ്വീപസാഗരങ്ങളും
പിന്നിട്ടു മഹാമേരുതന്നുടേ പാൎശ്വത്തിങ്കൽ
വന്നുനിന്നരുളുമ്പോൾ വന്നോരുസന്തോഷത്താൽ
വിണ്ണവരെല്ലാവരും പൂജിച്ചു ഭക്തിയോടേ
പിന്നെക്കൈലാസമായ ശങ്കരാലയം പുക്ക
താരകാധീശകലാശേഖരൻ മഹേശ്വരൻ
താരകബ്രഹ്മമായ രാമനാഥനെക്കണ്ടു
താരകാരാതിമുഖ്യപരിചാരകസമം
താരകാധീശമുഖിയായ പാൎവ്വതിയോടും.
ഹാടകേശ്വരനായ പരമേശ്വരൻ ഭക്ത്യാ
താടകാരാതിതന്നെസ്സംപ്രാൎത്ഥിച്ചരുളിനാൻ
സ്ഫാടികമണിമയമന്ദിരം പ്രവേശിപ്പാൻ;
ഗാഢകൌതുകത്തോടുമന്നേരം രഘുനാഥൻ
മാരുതികഴുത്തിങ്കൽനിന്നവതാരംചെയ്തു
മാരസുന്ദരൻ മരുദാത്മജൻ കരതല-
മാലംബ്യ ക്ഷിതിതലന്തന്നിൽനിന്നരുളുമ്പോൾ
കാലം വൈകാതെ കൊണ്ടുചെന്നിതു സുഗ്രീവനും
മാണിക്യമയമായ പാദുകാദ്വിതയവും.
മാനിച്ചു പാദേ ചേൎത്തു മന്ദവിന്യാസത്തോടും
ജാനകീദേവിയോടും സോദരന്മാരോടുമ-
ക്കൌണപകുലശ്രേഷ്ഠനാം വിഭീഷണനോടും

നീലലോഹിതമണിമന്ദിരംപുക്കനേരം
ഫാലലോചനനായ ഭഗവാൻ പരമേശൻ
ബാലശീതാംശുമൌലി മന്മഥവിനാശനൻ
പ്രാലേയാചലസുതാവല്ലഭൻ പുരവൈരി
കാലാരി രാമാജ്ഞയാ സാനന്ദമരുൾചെയ്തു
കാലദേശാവസ്ഥാനുരൂപമാം വാക്കുകൊണ്ടു.
"ഭക്തനാം നക്തഞ്ചരശ്രേഷ്ഠനും ബലൌഘവും
ശക്തനാം സുഗ്രീവനും വാനരവീരന്മാരും
നിർമ്മലസുഗന്ധസൌഗന്ധികസരസ്തീരം
രമ്യമാം ചൈത്രരഥമാകുമുദ്യാനദേശം
എത്രയും വിമോഹനം; തത്ര വാഴുവിൻ നിങ്ങ-
ളതൃപ്തമാത്മാനന്ദം സിദ്ധിക്കുമെല്ലാവനും.
ഇത്തരം മൃത്യുഞ്ജയവാക്കുകൾ കേട്ടനേര-
മുദ്യതാനന്ദം ഭൃതമുദ്യാനമകംപുക്കാർ.
ഷൺമുഖൻ ഗജമുഖൻ നന്ദീശൻ ഘണ്ടാകർണ്ണൻ
തന്മനോവല്ലഭയാം ഗൌരിയെന്നിവരോടും
ചന്ദ്രശേഖരൻ മഹാദേവനീശ്വരൻ വിഭു
കന്ദർപ്പവൈരി വിരിഞ്ചാദികളോടും ചെന്നു
തന്നുടെ മണിയറതന്നിൽ വാണിതു മോദാൽ.
മന്നവർമന്നൻ സൂര്യവംശനായകൻ രാമൻ
രത്നസിംഹാസനത്തിലാമ്മാരുതസംഗേ താൻതൻ
പത്നിയെച്ചേർത്തു പരമാനന്ദത്തോടു വാണാൻ.
ശ്രീവത്സോരസ്കം മണിമകുടവിരാജിതം
ശ്രീവാസുദേവം പുരുഷോത്തമം പുഷ്കരാക്ഷം
മാരുതികരസ്ഥിതദക്ഷിണപാദാംഭോജം
മാരസന്നിഭമതികോമളശ്യാമളാംഗം
ബാണതൂണീരചാപപാണിനാ സൌമിത്രിണാ
പ്രാണതുല്യേന പരിസേവിതം രഘുനാഥം
ഭരതശത്രുഘ്നബാഹുസ്ഥചാമരദ്വയ-
പരിശോഭിതം പരം പൂരുഷം പത്മനാഭം
അഗ്രജവിഭീഷണബാഹുപങ്കജഗ്രാഹ്യ-
മൌക്തികച്ഛത്രച്ഛായാരഞ്ജിതകളേബരം
താരകബ്രഹ്മമതിപ്രസന്നവക്ത്രാംഭോജം

താരേശകലാചൂഡനാകിയ പരമേശൻ
ഷോഡശാദ്ധ്യപചാരപൂൎവ്വകം പൂജിച്ചുട-
നൂഢകൌതുകം ധരിച്ചീടിനാൻ പാദോദകം.
ഭക്തികൈക്കൊണ്ടു പാദതീൎത്ഥമെത്രയും പുണ്യ-
മുത്തമാംഗേന ധരിച്ചഭിവാദ്യവും ചെയ്തു
ചിന്തിച്ചു പൂൎവ്വോക്തമാം ഭഗവദ്രൂപമീശ-
നന്തരാത്മനി പുനരറിഞ്ഞു ഭഗവാനും.

അന്നേരം പ്രസാദിച്ചു ശങ്കരപ്രീത്യൎത്ഥമായ്
തന്നുടേ വിശ്വരൂപം കാട്ടിനാൻ മുകുന്ദനും.
അദ്രിനന്ദനയോടും നന്ദനന്മാരും വീര-
ഭദ്രനന്ദീശഘണ്ടാകൎണ്ണാദിഭൂതങ്ങളും
ലക്ഷ്മണൻ ഭരതനും ശത്രുഘ്നൻ വിഭീഷണ-
നക്ജൻ മരുൽസുതനിത്യാദി ഭക്തന്മാൎക്കു
നിത്യാനുഗ്രഹത്തിനായ് രാഘവൻതിരുവടി
തത്വകാരണമായ വിശ്വരൂപം കാട്ടിനാൻ.
പൎവ്വതങ്ങളും ശിലാജാലവും വൃക്ഷങ്ങളു-
മുൎവ്വിയും ദിക്കുകളും നക്ഷത്രഗണങ്ങളും
സപ്തദ്വീപങ്ങളോടു സപ്തസാഗരങ്ങളും
സപ്തലോകദ്വന്ദ്വവും സപ്തമാമുനികളും
പുണ്യാരണ്യങ്ങൾ മൃഗപക്ഷികൾ നാഗങ്ങളും
പുണ്യവീഥികളോടു രാജ്യങ്ങൾ ദേശങ്ങളും
ആകാശചാരികൾ ഗന്ധൎവ്വയക്ഷാദികളും
പാകശാസനമുഖ്യന്മാരായ ദേവകളും
ആദിത്യന്മാരും രുദ്രാദികളും വസുക്കളും
വേദാദിവിദ്യകളും താപസസമൂഹവും
പാഞ്ചരാത്രാദികളാമാഗമഭേദങ്ങളും
പാഞ്ചജന്യാദികളാം വാദിത്രഗണങ്ങളും
വൈനതേയാദികളും കാദ്രവേയാദികളും
മാനസാദികൾ സരോവരങ്ങൾ നദികളും
അഷ്ടാംഗയോഗങ്ങളുമഷ്ടൈശ്വൎയ്യാദികളു-
മഷ്ടാംഗബ്രഹ്മചൎയ്യാദികളാം വ്രതങ്ങളും
അഷ്ടരാഗങ്ങളോടുമധൎമ്മാസ്ത്രാദിയും
വൈഖാനസാദി മുനിവൃന്ദവും കൎമ്മങ്ങളും

മേഘങ്ങൾ തടിനികൾ വജ്രങ്ങൾ ധൂമങ്ങളും
രാജസൂയാശ്വമേധാദിക്രതുഭേദങ്ങളും
വാജപേയാദികളും മനുക്കൾ പിതൃക്കളും
ഗായത്ര്യാദികളായ മന്ത്രങ്ങൾ തന്ത്രങ്ങളും
ആയുഷ്യാദികളുപവേദങ്ങളായുള്ളതും
നാരദാദികളാകും ദേവതാപസന്മാരും
വാരിജോല്പലതുളസ്യാദിയാം പുഷ്പങ്ങളും
ദാനങ്ങൾ തുലാപുരുഷാദികളായുള്ളതും
ഗാനങ്ങൾ ഭേരുണ്ഡസാമാദികളായുള്ളതും
അസ്ത്രങ്ങൾ സുദർശനാദികളായുള്ളവയും
ഉത്തമപ്രയാഗാദിയാം മഹാസ്ഥലങ്ങളും
ഉർവശീതിലോത്തമാമേനകാരംഭാദിയാം
സ്വർവേശ്യാജനങ്ങളും പ്രാണാദിവായുക്കളും
ധാതാവും നാരായണമൂർത്തിയും മഹേശനും
നാദബ്രഹ്മവും പ്രണവാദിമന്ത്രാധാരവും
വാണിയും ലക്ഷ്മീ ഗൌരി ലജ്ജയും കീർത്തി ശ്രദ്ധ
ജാനകീ തുഷ്ടി പുഷ്ടി ബുദ്ധിയും മേധാ ധൃതി
മാനിനീജനമരുന്ധത്യനസൂയാദിയും
രതിയും കന്ദർപ്പനും ചന്ദ്രനും പാവകനു-
മൃതുജാലങ്ങൾ വസന്താദിയാം കാലങ്ങളും
മന്ദാർക്കഗുരുശുക്രസൌമ്യാദിഗ്രഹങ്ങളും
മന്ദാരസന്താനാദികല്പകവൃക്ഷങ്ങളും
ഉത്തമതപോധനനാകിയ മരീചിയു-
മത്രിയുമംഗിരസ്സും പുലസ്ത്യൻ പുലഹനും
ക്രതുവും ഭൃഗുതാനും ദക്ഷനും പതികളും.
കാമധേന്വാദിപശുവൃന്ദവും തൃണാദിയും
യക്ഷരാക്ഷസഗന്ധർവോരഗസിദ്ധന്മാരും
പക്ഷവത്സരകല്പപ്രഭൃതികാലങ്ങളും
ഭൂതവും ഭവിഷ്യത്തും വർത്തമാനവുംപിന്നെ
മാധവന്നുടെയവതാരമൂർത്തികൾ ഭേദം
ഭരതസൌമിത്രിശത്രുഘ്നന്മാർ വിഭീഷണൻ
മരുദാത്മജനാദിത്യാത്മജൻ കപികളും
യാതൊന്നു ജഗതി കാണായതും കേൾക്കായതും

സ്തുതിച്ചും വീണു നമസ്കരിച്ചുമാത്മാനന്ദ-
മുദിച്ചും സമസ്തലോകോത്സവം കണ്ടുകണ്ടു
വിശ്വവും വിശ്വത്തിങ്കൽ വാഴുന്ന ജനങ്ങളും
നിശ്ശേഷമൊന്നായ്മരുവീടിന മഹദ്രൂപം
അനന്തകിരീടോദ്യന്മസ്തകം സർവ്വേശ്വര-
മനന്തബാഹൂദരമനന്തവക്ത്രനേത്ര-
മനന്തായുധധരമനന്തപാദാംഭോജം
അനന്തമഹിമാനമപരിച്ഛേദ്യം പൂർണ്ണം
ആദിത്യവർണ്ണം തമസഃപരം പരാപരം
ആദിജ്യോതിഷം പരമാത്മാനം പരബ്രഹ്മം
അച്യുതമവാങ്മനോഗോചരം സർവേശ്വരം
സച്ചിദാനന്ദരൂപം സകലം സനാതനം
ചേതസി നിരൂപിക്കപ്പെട്ടതുമെന്നുവേണ്ടാ
വിശ്വമൊക്കവേ കാണായ്വന്നിതു ദിവ്യാത്മാവാം
വിശ്വരൂപത്തിങ്കൽ പ്രത്യക്ഷമായത്യത്ഭുതം.
അവ്യക്തമനാദ്യന്തമവ്യയം വിശ്വരൂപം
ദിവ്യലോചനംകൊണ്ടു കണ്ടോരു ജനമെല്ലാം
തൽപ്രസാദത്താലതിഭക്തികൈക്കൊണ്ടു നിന്നു
ചിൽസ്വരൂപനേ നമസ്ക്കരിച്ചാർ ഭയത്തോടും.
അച്ഛമദ്വയമേകമവ്യക്തമവ്യാകൃതം
നിശ്ചലാത്മനാ കണ്ടുനിന്ന ഭക്തന്മാരെല്ലാം
പരമേഷ്ഠിയും പരമേശ്വരനാദികളും
പരമാനന്ദാർണ്ണവനിമഗ്നന്മാരായ്തീർന്നു.
„നമസ്തേ ദേവദേവ!നമസ്തേ രാമരാമ!
നമസ്തേ ഹര! മഹാപൂരുഷ!നാരായണ!
നമസ്തേ ജരാമരണാപഹ രാമരാമ!
നമസ്തേ സീതാപതേ!രാവണാന്തക!പ്രഭോ!
നമസ്തേ കൌസല്യാനന്ദന രാഘവ!രാമ!
നമസ്തേ ദാശരഥേ!നമസ്തേ ഖരാരാതേ!
അണുവിലണിമാനായ് മഹതാം മഹിതനായ്
പ്രണവാത്മകനായ ഭഗവാൻ ഭവാനല്ലോ.
സകലജന്തുക്കൾക്കുമാത്മാവായീടുന്നതും
പ്രകൃതിപരനായ്വാഴുന്നതും ഭവാനല്ലോ.

വിശ്വത്തിൻനിധാനമാകുന്നതും ഭവാനല്ലോ
വിശ്വകർത്താവായതും വിശ്വഭർത്താവായതും
വിശ്വഹർത്താവായതും നിന്തിരുവടിയല്ലോ;
വിശ്വരൂപാത്മാരാമ! സന്തതം നമോസ്തുതേ!"
ലക്ഷ്മണകുമാരനും തൽക്ഷണം ഭക്തിയോടേ
ലക്ഷ്മീവല്ലഭൻതന്നെസ്തുതിച്ചുതുടങ്ങിനാൻ.
"ഇഷ്ടനെത്രയുമഹമെന്നുള്ളൊരജ്ഞാനം മേ
നഷ്ടമായ്ത്തീർന്നു നരകാരേ നിർമ്മലമൂർത്തേ!
തുഷ്ടനായ്വന്നേനിപ്പോളിഷ്ടലാഭത്താലിഹ
സ്പഷ്ടമായ്ത്തവരൂപം കാണായ്വന്നതുമൂലം.
കർബ്ബുരൌഘാരേ! മമ കില്ബിഷമകലുവാൻ
ദുർബ്ബോധമെല്ലാം നീക്കിത്വൽബോധമുദിക്കണം."
ഭരതകുമാരനും പരമപുരുഷനാം
പരമാത്മാവുതന്നെസ്തുതിച്ചുതുടങ്ങിനാൻ.
"കോമള! നീലോല്പലശ്യാമള! ദാശരഥേ!
രാമ! ജാനകീപതേ! പുണ്ഡരീകാക്ഷ! നാഥ!
രാക്ഷസാന്തകൻ ദയാവാരിധി സീതാപതി
മോക്ഷദനൊഴിഞ്ഞൊരുഗതിയില്ലെനിക്കാരും.
സാക്ഷാൽ ശ്രീനാരായണൻ പരിപാലിക്ക ജഗൽ-
സാക്ഷിണേ ഭഗവതേ രാമചന്ദ്രായ നമഃ."
ശത്രുഘ്നകുമാരനും ഭക്തികൈക്കൊണ്ടു പുരു-
ഷോത്തമൻതന്നെസ്തുതിച്ചീടിനാൻഭക്തിയോടെ:
"കോമളമിന്ദീവരശ്യാമളം രഘുനാഥം
കാമദം കാമോപമം കാമക്രോധാദിഹീനം
രാമം ജാനകീപരമാത്മാനമാത്മാരാമം
നാമജാപകജനിമൃത്യുനാശനം ഭജേ."
സുഗ്രീവനതുനേരം കൌസ്തുഭഗ്രീവം ചര-
ണാഗ്രേ വീണനുഗ്രഹസിദ്ധിക്കായ സ്തുതിചെയ്താൻ.
"രാമ! രാഘവ! ജഗന്നായക! സീതാപതേ!
രാമചന്ദ്രാത്മാരാമ! ശ്രീരാമ! നമോസ്തുതേ."
പ്രേമവാൻ വിഭീഷണൻ നാരദസമന്വിതം
രാമഭദ്രനെസ്തുതിച്ചീടിനാനതുനേരം:
"ത്രൈലോക്യമെല്ലാംപരിപാലിച്ചുകൊൾവാനായേ

പൌലസ്ത്യനായ ദശകണ്ഠനെ വധംചെയ്തു
കാലുഷ്യംകളഞ്ഞിതു മുന്നം നീ; പുനരിപ്പോൾ
കാലകേയന്മാരോടുംകൂടവെ ശതാസ്യനെ
കാലാത്മാവായ ഭവാൻ കൊന്നതെന്തൊരു ചിത്രം?
കാലദേശാവസ്ഥകൾക്കനുരൂപേണ ഭവാൻ
ഓരോരോതരമവതാരംചെയ്തോരോകാലം
കാരുണ്യംപൂണ്ടുരക്ഷിക്കുന്നതും; മററാരോർത്താൽ?
പുത്രമിത്രാർത്ഥകളത്രാദിയാം വസ്തുക്കളിൽ
സക്തിപൂണ്ടുടനുടൻ ജനിച്ചുംമരിച്ചും ഞാൻ
ഭക്തിയില്ലായ്കകൊണ്ടു കേവലമുഴലുന്നു
മുക്തിനൽകണമിനി നിത്യവും നമോസ്തുതേ.
ആത്മജ്ഞാനികളിലഗ്രേസരൻ ഹനുമാനു-
മാത്മാവാകിയനിജസ്വാമിയെസ്തുതിചെയ്താൻ:
„രാമായനമോ രാമഭദ്രായനമോനമോ;
രാമചന്ദ്രായനമോ വേധസേ നമോനമഃ.
രഘുനാഥായ സീതാപതയേ നമോനമോ;
സുകുമാരാംഗായ രാമായ തേ നമോനമഃ.
ശ്രീരാമ! നാരായണ! വാസുദേവ! ശ്രീപതെ!
ഗോവിന്ദ! മുകുന്ദ! വൈകുണ്ഠ! കേശവ! ഹരെ!
ശ്രീകൃഷ്ണ!വിഷ്ണോ!നരസിംഹ!മാധവ!ശൌരെ!
സംസാരദർപ്പദഷ്ടം മാംത്രാഹി ദയാനിധെ!
ആദിതേയന്മാർ വൈമാനികന്മാർ മുനികളു-
മാദിനാരായണനെസ്തുതിച്ചാരെല്ലാവരും.
വേദവാക്യങ്ങൾകൊണ്ടു നാഥനെ സ്തുതിച്ചിതു
വേധാവു സനകാദിയോഗികൾ നാരദനും.
സന്തുഷ്ടനായ സകലേശ്വരൻ നാരായണൻ
സന്താപംതീരുമാറു തൃക്കൺപാർത്തരുളിനാൻ
മാരുതിപ്രമുഖന്മാരാകിയ ഭക്തന്മാരെ-
ക്കാരുണ്യവിവശനായാനന്ദപരിപൂർണ്ണൻ.
സർവ്വസൌമ്യമായുള്ള പൂർവ്വരൂപം കൈക്കൊണ്ടു
കാമ്യാംഗിയായ സീതാദേവിതന്നോടും നാഥൻ
ഈശപൂജയും പരിഗ്രഹിച്ചു സന്തുഷ്ടനായ്
ആശരാധീശാഗ്രജനാകിയ കുബേരനാൽ

നാനോപഹാരബലിപൂജയുംകൊണ്ടു ബഹു-
മാനേന സൌഗന്ധികസംയുതം സരസ്തീരേ
ഹൃദ്യമാം ചൈത്രരഥമാകുമുദ്യാനദേശേ
വിദ്യയാം ശക്തിയോടും യുക്തനായ്വിഹരിച്ചാൻ.
തത്രതത്രൈവ സരസ്തീരകാനനദേശേ
രുദ്രസമ്മോദകരകൈലാസശിരോഭാഗേ
ത്ര്യംബകനോടുമചലാത്മജയോടും പിന്നെ
ത്ര്യംബകസഖനോടും പരിവാരങ്ങളോടും
യാത്രയുമയപ്പിച്ചു മാരുതികഴുത്തേറി
മാർത്താണ്ഡാത്മജരക്ഷോനായകാദികളോടും
സോദരഭാൎയ്യാപരിചാരകജനത്തോടു-
മാദരപൂൎവ്വമയോദ്ധ്യാപുരമകംപുക്കാൻ.

ഇങ്ങനെ സീതാവിജയാഖ്യമാം കഥാസാരം
നിങ്ങളോടൊട്ടു ചൊന്നേനെന്നാളേ കിളിമകൾ.

ഇതി സീതാവിജയകഥാസാരം ശതമുഖരാമായണം

സമാപ്തം.

ശുഭമസ്തു.

# ശുദ്ധിപത്രം.

| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| അവതാരിക | ൧൯. | കൃഷ്ചെ്ചരണ. | കൃച |
| ,, | ൨൦. | വന്നതോ. | വൃന്നതാം. |
| ,, | ൨൨. | സമാധപ്പെട്ടാ. | സമാധാനപ്പെട്ടാ. |
| ൨. | ൧൦. | പങക്തി. | പങ്ക്തി. |
| ൩. | ൩. | നിന്ന. | നിന്നെ. |
| ൬. | ൭. | തുടങ്ങിായല്ലും. | തുടങ്ങിയാല്ലും. |
| ,, | ൧൫. | പൃത്ഥി. | പൃത്ഥ്വീ. |
| ൫. | ൨൭. | കവി. | കപി. |
| ൧൨. | ൨൭. | കരബലമോ. | കരബലമൊ. |
| ൧൩. | ൩൦. | അവരോ. | അവരൊ. |
| ൧൪. | ൨൧. | മെന്നിയെ. | മെന്നിയേ. |
| ൧൫. | ൯. | തടാന്തരെ. | തടാന്തരേ. |
| ,, | ൨൬. | ഭജെ. | ഭജേ. |
| ൧൭. | ൨. | കരുണയോട്ടു. | കരുണയൊട്ടു. |
| ൨൩. | ൧൬. | മന്ത്രിധാരം. | മന്ത്രാധാരം. |
| ,, | ൩൦. | ധവനടൈ. | ധവനടേ. |
| ,, | ൩൧. | ശത്രുഘനന്മാർ. | ശത്രുഘ്നന്മാർ. |
| ൨൪. | ൨൬. | ഹര. | ഹരേ. |
| ൨൬. | ൨൭. | സിദ്ധിക്കായ | സിദ്ധിക്കായ്. |
| ,, | ൩൦. | സ്മൃതെ. | സ്മൃതേ. |
| ൨൫. | ൩. | ക്കൂടവെ. | ക്കൂടവേ. |
| ,, | ൧൭. | പതെ. | പതേ. |
| ,, | ൧൯. | ഹരെ. | ഹരേ. |
| ,, | ൨൦. | ശൌരെ. | ശൌരേ. |
| ,, | ൨൧. | നിധെ. | നിധേ. |

൨൪-ാം പുറത്തിൽ പതിമ്മൂന്നാമത്തെവരി ഒന്നാമത്തെ വരിയായി വായിക്കണം.

6/12 M